22 (1613) നേവൽ അക്കാദമിയുടെ പ്രവർത്തനങ്ങൾ

ശ്രീ. എം. നാരായണൻ(ഹോസ് ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ഏഴിമല നേവൽ അക്കാഡമിയുടെ നിലവിലുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) നേവൽ അക്കാദമിക്കാവശ്യമായ എന്തെല്ലാം എത്ര; കേന്ദ്ര പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളത്; സംസ്ഥാന സർക്കാർ വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഏഴിമല നേവൽ അക്കാഡമിയുടെ നിർമ്മാണം കേന്ദ്ര പ്രതിരോധ മന്ത്രാലയമാണ് നടത്തുന്നത്. പ്രാഥമികഘട്ടം പണികളാണ് ഇപ്പോൾ നടന്നുവരുന്നത്. സംസ്ഥാന സർക്കാർ ചെയ്തു കൊടുക്കേണ്ട അടിസ്ഥാന സൗകര്യങ്ങളായ ഭൂമി ഏറ്റെടുത്തു നൽകൽ, ജലവിതരണം, വൈദ്യുതി, റോഡുകൾ, പാലങ്ങൾ തുടങ്ങിയവ മിക്കവാറും പൂർത്തിയായിട്ടുണ്ട്. അക്കാഡമിക്കാവശ്യമായ 2359 ഏക്കർ ഭൂമി സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നൽകിയിട്ടുണ്ട്. വൈദ്യുതി നൽകുന്നതിലേക്ക് 500 കിലോവാട്ട് ശക്തി നൽകത്തക്കവിധം ഉദ്ദേശം 10.കിലോമീറ്റർ ലൈനിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കൂടാതെ 110 കെ.വി. ലൈനിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു. അക്കാദമിയുടെ ആവശ്യത്തിലേക്കായി ഒൻപതു റോഡുകളുടെയും പാലക്കോട് പാലത്തിന്റെയും നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. അക്കാഡമിക്കാവശ്യമായ ജലം നൽകുന്നതിലേക്കാവശ്യമായ പണികൾ ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. ഏട്ടിക്കുളം പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ നവീകരണം പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ അക്കാദമി പരിസരത്തേക്ക് കെ. എസ്.ആർ.ടി.സി ബസ് ഓടിക്കാനും തുടങ്ങിയിട്ടുണ്ട്.

(ബി) നേവൽ അക്കാദമിയുടെ നിർമ്മാണപ്രവർത്തനത്തിനാവശ്യമായ ഭൂമി, ജലവിതരണം, വൈദ്യുതിവിതരണം, റോഡുകൾ, പാലങ്ങൾ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങളാണ് സംസ്ഥാനസർക്കാർ ഏറ്റെടുത്ത് ചെയ്തുകൊടുക്കുന്നത്. ഇതിലേക്ക് സംസ്ഥാന സർക്കാർ ഇതിനകം ഉദ്ദേശം 44.89 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഒന്നാം ഘട്ട പണികൾക്കായി കേന്ദ്ര സർക്കാർ 1994ലെ വില സൂചികയനുസരിച്ച് 166.94 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 1998 അവസാനം വരെ കേന്ദ്രസർക്കാർ 1364.74 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

23 (1614) പത്രപ്രവർത്തകർക്കായുള്ള പെൻഷൻ കമ്മിറ്റി

ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്രപ്രവർത്തകർക്കായുള്ള പെൻഷൻ മാനേജിംഗ് കമ്മിറ്റി വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും യോഗം ചേർന്ന് പെൻഷൻ കാര്യത്തിലുള്ള തീരുമാനം യഥാസമയം നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കാമോ;

(ബി) പത്രപ്രവർത്തകർക്ക് പാസാക്കിയ പെൻഷൻ, സാങ്കേതികത്വത്തിന്റെ പേരിൽ വച്ചുതാമസിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly